# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

08.02.2016-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 28

## ക്രമസമാധാന രംഗത്ത് കേരളം കൈവരിച്ച നേട്ടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.കെ.അച്ചുതൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന രംഗത്ത് കേരളം ദേശീയ തലത്തിൽ ഉന്നത സ്ഥാനത്ത് എത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) ഉണ്ട്. ഇന്ത്യയിൽ ക്രമസമാധാന നില എറ്റവും ഭദ്രമായ സംസ്ഥാനങ്ങളിൽ ഒന്നാമത് കേരളമാണെന്ന് പ്രമുഖ മാധ്യമ സർവ്വേകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഗുരുതര സ്വഭാവമുള്ള ക്രിമിനൽ കുറ്റങ്ങൾ കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറച്ച് മാത്രമേ രേഖപ്പെടുത്തി കാണുന്നുള്ളൂവെന്ന് മാധ്യമങ്ങളുടെ പഠനങ്ങളിലൂടെ വ്യക്തമായിട്ടുണ്ട്. സംസ്ഥാനത്തെ ഉയർന്ന സാക്ഷരതയും, കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പോലീസിന്റെ പ്രവർത്തന മികവും, പോലീസിന്റെ സാന്നിദ്ധ്യം സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ഉറപ്പ് വരുത്തിയതും ഇതിന് സഹായകമായിട്ടുണ്ട്. **ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി സുരക്ഷ, സ്ത്രീ-സുരക്ഷ** എന്നീ പദ്ധതികളുടെ നടത്തിപ്പിലൂടെ പോലീസിന്റെ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിലൂടെ കുറ്റകൃത്യങ്ങൾ ഉണ്ടാകുന്നത് മുൻകൂട്ടി തടയുന്നതിനും സാധിയ്ക്കുന്നുണ്ട്. ഇതിനുപുറമെ, കർശനമായ വാഹന പരിശോധന, കുറ്റകൃത്യങ്ങൾക്കെതിരെയുള്ള കർശന നടപടികൾ, കുറ്റകൃത്യങ്ങൾ തടയുന്നതിനു വേണ്ടിയുള്ള ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങളിലൂടെ ഒരു മികച്ച ക്രമസമാധാന അന്തരീക്ഷം സംസ്ഥാനത്ത് രൂപപ്പെടുത്തി എടുക്കുവാൻ കേരള പോലീസിന് സാധിച്ചിട്ടുണ്ട്.<br><br>ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള ഇൻഡ്യ ടുഡേ സർവ്വേയിൽ, കേരളത്തിന് മികച്ച ഭരണത്തിനുള്ള ഒന്നാം സ്ഥാനം ലഭിച്ചതായി 2015 നവംബർ മാസത്തെ വാരികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മികച്ച ഭരണത്തിന്റെ മുഖമുദ്രയാണ് കാര്യക്ഷമമായ പോലീസ് പ്രവർത്തനങ്ങൾ എന്ന് ഇൻഡ്യാ ടുഡേയിൽ ഊന്നി പറഞ്ഞിട്ടുണ്ട്. ദേശീയ തലത്തിൽ ഐ.പി.സി. പെൻഡിംഗ് കേസുകളുടെ വർദ്ധനവ് 12 ശതമാനം കണ്ട് വർദ്ധിച്ചപ്പോൾ കേരളത്തിൽ രണ്ട് ശതമാനം കുറഞ്ഞുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |

ഐ.പി.സി. കേസുകളുടെ കൺവിക്ഷൻ നിരക്കിന്റെ തോത് 2012-ൽ 65.4 ശതമാനമായിരുന്നപ്പോൾ ആയത് 2013-ൽ 69.7 ആയും, 2014-ൽ 77.8 ആയും വർദ്ധിക്കുകയുണ്ടായി. കൂടാതെ, സ്റ്റേറ്റ് ലോക്കൽ ലോ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ കൺവിക്ഷൻ നിരക്കിന്റെ തോത് 2012-ൽ 95.4 ശതമാനമായിരുന്നപ്പോൾ ആയത് 2013-ൽ 95.7 ആയും, 2014-ൽ 95.8 ആയും വർദ്ധിക്കുകയുണ്ടായി. ഇതിൽ നിന്നും, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് നിയമം അനുശാസിക്കുന്ന തരത്തിലുള്ള പരമാവധി ശിക്ഷ ലഭിക്കുന്ന തരത്തിൽ പോലീസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടുവെന്ന് മനസ്സിലാക്കാവുന്നതാണ്.

മികച്ച ക്രമസമാധാന പാലനം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡസ് ക്, വനിതാ ഹെൽപ്പ് ഡസ് ക്, ജനമൈത്രീ പോലീസ് സംവിധാനം, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ സ്വീകരിക്കുന്ന കർശന നിയമ നടപടികൾ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ എന്നിവയുൾപ്പെടെയുള്ള സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഇത്തരം സർവ്വേകളിൽ കേരളത്തിന് മികച്ച സ്ഥാനം നേടിത്തന്നതെന്ന് അനുമാനിക്കാവുന്നതാണ്..

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശാദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | ഇൻഡ്യാ ടുഡേയുടെ 2015 നവംബർ 16-ലെ വാരികയിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളതിൽ മികച്ച ഗവേർണൻസിന് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ടി ഒന്നാം സ്ഥാനം ലഭിക്കുന്നതിന് പോലീസിന്റെ പ്രവർത്തന മികവ് ഒരു പ്രധാന മാനദണ്ഡമാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (സി) | ക്രമസമാധാനരംഗത്ത് ഉന്നത നേട്ടം കൈവരിക്കുന്നതിനായി പൊതുജന സുരക്ഷ ഉറപ്പാക്കിയും, പൊതുജനങ്ങളുടെ പരാതികൾ ഉടനടി പരിഹരിച്ചും നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുജന സുരക്ഷയ്ക്ക് ഭംഗം വരുത്തുന്ന സാമൂഹ്യദ്രോഹികൾക്കെതിരെ IPC, KP Act, KAAPA പ്രകാരം നടപടികൾ സ്വീകരിച്ചും, കരുതൽ തടങ്കലിൽ വെച്ചും നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകൾ/കുട്ടികൾ/വയോജനങ്ങൾ എന്നിവർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവയ്ക്ക് കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി വിദ്യാലയങ്ങളിലും പരിസരങ്ങളിലും പൂർണ്ണമായും ലഹരി വിമുക്തമാക്കുവാൻ സഹായിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ |

തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, **നിർഭയ പദ്ധതി** എന്നിവ ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ എന്നീ പദ്ധതികൾ, ബ്ലേഡ് മാഫിയകളേയും, ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നിയന്ത്രിക്കുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. കോമ്പിംഗ് ഓപ്പറേഷനുകളിലൂടെ പിടികിട്ടാപുള്ളികൾ ഉൾപ്പെടെയുള്ള കുറ്റവാളികളെ കണ്ടുപിടിയ്ക്കുവാൻ സാധിയ്ക്കുന്നുണ്ട്.

ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുക, ട്രാഫിക് ബോധവൽക്കരണം നടത്തുക എന്നിവയ്ക്ക് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് **ശുഭയാത്ര**. സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെടുന്ന വ്യക്തികൾക്ക് അടിയന്തിരമായി പ്രഥമ ശുശ്രൂഷ നൽകി ജീവൻ രക്ഷിയ്ക്കുന്നതിന് സഹായകമായ ഒരു പദ്ധതിയാണ് **സ്റ്റൈൽ**. പോലീസ് ഉദ്യോഗസ്ഥരുടെ ശാരീരികവും, മാനസികവുമായി ആരോഗ്യം സംരക്ഷിയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആരോഗ്യ വകുപ്പും, ആഭ്യന്തര വകുപ്പും സംയുക്തമായി നടത്തിയ പദ്ധതിയാണ് **ഷെയ്പ്**.

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് **നിർഭയ കേരളം സുരക്ഷിത കേരളം** എന്ന പദ്ധതിയും **സ്ത്രീ സുരക്ഷാ** പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഓരോ സ്ഥലത്തെയും ജനസംഖ്യയും, കുറ്റകൃത്യങ്ങളുടെ നിരക്കും, ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് സാധിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ എത്രയും പെട്ടെന്ന് നിയമ നടപടികൾ സ്വീകരിക്കുവാനും ഇതുമൂലം സാധിയ്ക്കുന്നു. ഇക്കാര്യത്തിൽ ഇതര സംസ്ഥാനങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ കേരളം ബഹുദൂരം മുന്നിലാണ്. ഇതിനു പുറമെ ക്രമസമാധാന നില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ തലം മുതൽ റേഞ്ച് തലംവരെ അവലോകനയോഗം കൂടി നടപടികൾ സ്വീകരിക്കാറുമുണ്ട്.

സെക്ഷൻ ഓഫീസർ